**നം.ഇ.എക്സ്.എ4/17000/2017/സി.ജി.ഇ**

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം,
തീയതി: 06/05/2017.

# സർക്കുലർ

വിഷയം : 2017 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ **പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി** എന്നിവയ്ക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :- 21/10/2016-ാം തീയതിയിലെ ഇ.എക്സ്/സി.ജനറൽ(1) 40000/2016/സി.ജി.ഇ നമ്പർ വിജ്ഞാപനം

2017 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് ആയതിനുള്ള ഓൺലൈൻ അപേക്ഷകൾ പരീക്ഷാഭവന്റെ ഔദ്യോഗികവെബ്സൈറ്റായ www.keralapareekshabhavan.in ൽ **08/05/2017** മുതൽ **12/05/2017** ഉച്ചയ്ക്ക് ഒരുമണി വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. പരീക്ഷാർത്ഥികൾ രജിസ്ട്രേഷൻ നടത്തിയതിന്റെ പ്രിൻഔട്ടും അപേക്ഷാ ഫീസും പരീക്ഷ എഴുതിയ സെന്ററിലെ പ്രഥമാദ്ധ്യാപകന് മെയ് 12-ന് വൈകുന്നേരം നാലുമണിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്. ഉത്തരക്കടലാസുകളുടെ പുന:മൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപ, ഫോട്ടോകോപ്പിക്ക് 200/- രൂപ, സ്ക്രൂട്ടിണിക്ക് 50/- രൂപ എന്ന നിരക്കിലാണ് ഫീസ് അടക്കേണ്ടത്. പുന:മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ സ്ക്രൂട്ടിണിക്കുവേണ്ടി പ്രത്യേകം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതില്ല. **ഐ.ടി വിഷയത്തിന് പുന:മൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവ ഉണ്ടായിരിക്കുന്നതല്ല.** പ്രഥമാദ്ധ്യാപകർ പരീക്ഷാർത്ഥികളിൽ നിന്നും ലഭിച്ച അപേക്ഷയുടെ പ്രിന്റൗട്ട് ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതും ഫീസ് പണമായി സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്. മെയ് 12 ന് ശേഷം ലഭിക്കുന്നതും അപൂർണ്ണവുമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ യാതൊരു കാരണവശാലും ഹെഡ്മാസ്റ്റർമാർ സ്വീകരിക്കുവാൻ പാടുള്ളതല്ല.

പുന:മൂല്യനിർണ്ണയം നടത്തിയതിനെ തുടർന്ന് ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് പരീക്ഷാർത്ഥിക്ക് തിരികെ നൽകുന്നതാണ്. **ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ലഭിച്ചതിനു ശേഷം പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുവാൻ അർഹതയില്ല.** എന്നാൽ മൂല്യനിർണ്ണയം ചെയ്യാത്ത ഉത്തരങ്ങൾ സ്കോറുകൾ കൂട്ടിയതിലുള്ള പിശകുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിച്ചു കിട്ടുന്നതിന് പരീക്ഷാഭവൻ സെക്രട്ടറിയ്ക്ക് അപേക്ഷ നൽകാവുന്നതാണ്. 2017 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷ മുതൽ എ+ ലഭിക്കുന്ന

വിഷയങ്ങൾക്കും പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## പ്രഥമാദ്ധ്യാപകർക്കുള്ള ചുമതലകൾ

ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയശേഷം അപേക്ഷകൾ സമർപ്പിക്കുന്ന പ്രിന്റൗട്ടിലെ വിവരങ്ങൾ പ്രഥമാദ്ധ്യാപകർ ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതാണ്. അപേക്ഷകൾ ലഭിക്കുന്ന അന്നുതന്നെ ഓൺലൈൻ വെരിഫിക്കേഷനും നടത്താവുന്നതാണ്. പ്രഥമാദ്ധ്യാപകർ ഓൺലൈൻ വെരിഫിക്കേഷനും കൺഫർമേഷനും നടത്താത്ത അപേക്ഷകൾ പുന:മൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാകുന്ന 13/05/2017 ന് തന്നെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന 3 സ്റ്റേറ്റ്മെന്റുകളുടെ പ്രിന്റൗട്ട് (റീവാല്യുവേഷൻ, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി) പ്രഥമാദ്ധ്യാപകർ Counter Sign ചെയ്ത് ജില്ലാവിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥികളിൽ നിന്നും ലഭിക്കുന്ന ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

അപേക്ഷകരിൽ നിന്നും പുന:മൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ സ്വീകരിച്ച ഫീസ്, ഗ്രേഡ് മാറ്റംമൂലം തിരികെ നൽകിയ തുക മുതലായ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ഓരോ സ്കൂളിലും സൂക്ഷിക്കേണ്ടതും ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്. പരീക്ഷാർത്ഥിക്ക് പുന:മൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് തിരികെ നൽകേണ്ടതാണ്. 28/09/2012-ാം തീയതിയിലെ സർക്കാർ ഉത്തരവ് നം.4611/2012/പൊ.വി.വ പ്രകാരം ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ നിന്നും പുനർമൂല്യനിർണ്ണയം നടത്തിയതനുസരിച്ച് ഗ്രേഡിൽ മാറ്റം വന്ന കേസുകൾക്കുള്ള തുക ബന്ധപ്പെട്ട പരീക്ഷാർത്ഥികൾക്ക് തിരിച്ചു നൽകിയതിനു ശേഷം ബാക്കിയുള്ള തുക പ്രഥമാദ്ധ്യാപകർ “0202-01-102-99 other receipts” എന്ന കണക്കുശീർഷകത്തൽ ചെലാൻ മുഖേന അടക്കേണ്ടതും ആയതിന്റെ ഫോട്ടോകോപ്പി (സ്വയംസാക്ഷ്യപ്പെടുത്തിയത്) ഈ സർക്കുലറിനൊപ്പമുള്ള സ്റ്റേറ്റ്മെന്റ് സഹിതം 15/06/2017 -നകം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സ്കൂളിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് ക്രോഡീകരിച്ച് നിശ്ചിത പ്രൊർഫോർമയിൽ 30/06/2017-ന് മുൻപായി ടി ഓഫീസിലെ cgeasection@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിലേക്ക് അയച്ചുതരേണ്ടതാണ്. പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി ഇനങ്ങളിലായി ശേഖരിക്കുന്ന ഫീസ് തുക യാതൊരു കാരണവശാലും 15/06/2017 നുശേഷം കൈവശം സൂക്ഷിക്കുവാൻ പാടുള്ളതല്ല. മുൻവർഷം ചില സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ നിശ്ചിത സമയപരിധിക്കുള്ളിൽ തുക അടച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 15/06/2017-നകം തുക അടക്കുന്നതിൽ വീഴ്ചവരുത്തുന്നവരിൽ നിന്നും 18% പലിശസഹിതം തുക ഈടാക്കുന്നതും ബന്ധപ്പെട്ടവരുടെ

പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾവാർഷിക പരിശോധയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ സ്കൂളിൽ നിന്നും പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് അപേക്ഷകർ ഇല്ലായിരുന്നെങ്കിൽ അക്കാര്യം വ്യക്തമാക്കി ഒരു ശൂന്യറിപ്പോർട്ടും മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പ്രഥമാദ്ധ്യാപകർ പരീക്ഷാഭവനിലേക്കും ജില്ലാ വിദ്യാഭ്യാസ ആഫീസർക്കും അയക്കേണ്ടതാണ്.

**<u>പ്രഥമാദ്ധ്യാപർ അപേക്ഷ കൺഫേം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>**

1. iExaMs login ചെയ്ത ശേഷം Post Examination Menuവിൽ നിന്നും Revaluation Menu വിന്റെ Sub Menu ആയ Revaluation Application Verification വഴി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ലിസ്റ്റ് ലഭ്യമാകും.
2. ഓരോ Application -ലും ഉള്ള View Application ബട്ടൺ ക്ലിക്ക് ചെയ്താൽ Application -ന്റെ വിശദവിവരങ്ങൾ കാണാം. ഈ വിവരങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിച്ച വിവരങ്ങളുമായി ഒത്തുനോക്കി ബോദ്ധ്യപ്പെട്ടാൽ വെരിഫൈ Application എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പണം പൂർത്തിയാക്കാവുന്നതാണ്.
3. Application Verification പൂർത്തിയാക്കിയശേഷം റിപ്പോർട്ട് മെനുവിൽ നിന്നും Revaluation, Photocopy, Scrutiny എന്നിവയുടെ അബ്സ്ട്രാക്ട് റിപ്പോർട്ട് ലഭ്യമാണ്.
4. അപേക്ഷകൾ സ്കൂളിൽ ലഭിക്കുന്ന മുറയ്ക്ക് തന്നെ ഹെഡ്മാസ്റ്റർമാർ ഓൺലൈൻ കൺഫെർമേഷൻ നടത്തി തീർക്കേണ്ടതാണ്. മേയ് 13-ന് മുമ്പ് എല്ലാ അപേക്ഷകളും പരിശോധിച്ച് കൺഫോം നടത്തിയിരിക്കേണ്ടതാണ്.

**സെക്രട്ടറി**

**എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും**

(എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും അടിയന്തിരമായി പകർപ്പ് നൽകേണ്ടതാണ്.)

# SSLC EXAMINATION MARCH 2017

## DETAILS OF REVALUATION, PHOTOCOPY AND SCRUTINY OF ANSWER SCRIPTS

### *ABSTRACT*

Name of School :

School code :

Educational District :

| | |
|---|---|
| Number of application received for Revaluation | |
| Number of application received for Photocopy | |
| Number of application received for Scrutiny | |
| Amount of fee collected for revaluation ( x 400) | |
| Amount of fee collected for Photocopy ( x 200) | |
| Amount of fee collected for Scrutiny ( x 50) | |
| Total fee collected in the Centre | |
| Fee refunded to applicant who occurred higher grade in revaluation ( x 400) | |
| Balance Amount Rs. | |
| Chalan Number, Date and Name of Treasury | |

Name and Signature of
Head of Institution

(Office Seal)